കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മണലൂർ ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി2)1463/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in


തീയതി:07.12.19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മണലൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1- 18, 1-26 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)1463/2019 തീയതി:07/12/19

## തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16-10-2018 മുതൽ 03-09-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നും 01-04-2018 മുതൽ 31-03-2019 തിയ്യതി വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 15 എണ്ണം നൽകിയതിൽ 15 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-09-2019 മുതൽ 28-09-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1) ശ്രീമതി.ലിസ്സി റ്റി.ജെ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>2) ശ്രീ.ബേബി.പി.വി. ഓഡിറ്റ് ഓഫീസർ<br>3) ശ്രീ.പ്രശാന്ത്.ടി.ജി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>4) ശ്രീ.സുനിൽകുമാർ.കെ.സി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>5)ശ്രീമതി.അനീറ്റ ഡോമിനിക്, ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.വിജി ശശി<br>01.04.2018 മുതൽ 31.03.2019 വരെ | |
| സെക്രട്ടറി | ശ്രീ.എ.എസ്. തമ്പി | 01.04.2018 മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.മാലിനി.സി.ഡി. | 01-04-2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഇക്ബാൽ പി.എ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.റാണ.എം.എസ്. | 01-04-2018 മുതൽ 08-11-2019 വരെ |
| | ഡോ.അജയ് രാജൻ | 09-11-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ഷംല പടിയത്ത് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.രേഖ രാഘവൻ | 01-04-2018 മുതൽ 09-12-2018 വരെ |
| | ഡോ.വിമൽ വർഗ്ഗീസ് | 10.12.2018 മുതൽ 03.03.2019 വരെ |
| | ഡോ.രാജലക്ഷ്മി | 03.03.2019 മുതൽ 31.03.2019 വരെ |
| പ്രധാനാദ്ധ്യാപിക, ജി.എൽ.പി.എസ് | ശ്രീമതി.ഷാർലി.ടി.സി. | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. കാരമുക്ക് സർക്കിൾ | ശ്രീമതി.സ്മിത എം എ | 01.04.2018മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. കാഞ്ഞാണി സർക്കിൾ | ശ്രീ.ജയദീപ് ടി. | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ മണലൂർ | ശ്രീ.ജയദീപ് ടി. | 01.04.2018 മുതൽ 04.05.2018 വരെ |
| വി.ഇ.ഒ | ശ്രീമതി.രജിത.എം.ആർ | 05.05.2018 |

| | | |
|---|---|---|
| മണലൂർ | | മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഗീത പി പി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സുനിത.കെ.വി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സ്മൃതി വാസുദേവൻ | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീറ്റ് &പേമെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 1-12 |
| 13 | FTEAOS ലൈസൻസ് സംബന്ധിച്ച അപാകതകൾ | 1-13 |
| 14 | കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ് | 1-14 |
| 15 | രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-15 |
| 16 | ഇ-ടെൻഡർ ഫീസ് ലഭിച്ചില്ല | 1-16 |
| 17 | കെട്ടിടനിർമ്മാണം-ക്രമവത്കരണം | 1-17 |
| 18 | അഗതിരഹിതകേരളം പദ്ധതി- കുടുംബശ്രീ സി.ഡി.എസിന് കൈമാറിയ 7,00,000/- രൂപ | 1-18 |

| | | |
|---|---|---|
| | നാളിതുവരെയായും അക്കൗണ്ടിൽ വരവുവന്നിട്ടില്ല. | |
| 19 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 |
| 20 | സ്ട്രീറ്റ്ടാപ്പ് -വെള്ളക്കരം വൻതുക അടവാക്കുന്നു,സ്ട്രീറ്റ് ലൈറ്റ് -എണ്ണം, തരം എന്നിവയുടെ വിശദാംശങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല. | 1-20 |
| 21 | വിവിധ സാംസ്കാരിക സ്ഥാപങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ - കൈപ്പറ്റ് രശീത്, രജിസ്ട്രേഷൻ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല | 1-21 |
| 22 | വിദ്യാഭ്യാസാനുകൂല്യവിതരണപദ്ധതികൾ വനിതാഘടകപദ്ധതിയിലുൾപ്പെടുത്തുന്നത് അഭിലഷണീയമല്ല | 1-22 |
| 23 | മഹാത്മ ഗാന്ധി തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-23 |
| 24 | പെർഫോർമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് -തുക അനുവദിച്ച ഉത്തരവിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്. | 1-24 |
| 25 | മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-25 |
| 26 | വഞ്ചിക്കടവ് കുടിവെള്ളപദ്ധതി നാളിതുവരെ പൂർത്തീകരിച്ചില്ല. | 1-26 |
| 27 | ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരെ നിശ്ചിത സമയം കഴിഞ്ഞും ജോലിയിൽ തുടരാൻ അനുവദിക്കുന്നു | 1-27 |
| ഭാഗം 2 | | |
| | ഇല്ല | |
| ഭാഗം-3 | | |
| | ഇല്ല | |
| ഭാഗം 4 | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് | 4-7 |

| | | |
|---|---|---|
| | ഖണ്ഡികകളുടെ വിശദാംശം | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 38 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27.03.2018 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.02.2019 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 14.05.2019 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4084552.70 |
| വരവ് | 92732526 |
| ആകെ | 96817078.70 |
| ചെലവ് | 86311245 |
| നീക്കിയിരിപ്പ് | 10505833.70 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18096000 | 18096000 | 17917665 | 178335 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1034500 | 10345000 | 9086439 | 1258561 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 56000 | 56000 | 0 | 56000 |
| മെയിന്റനൻസ്, റോഡ് (ACR | 0 | 9246000 | 9246000 | 8737653 | 508347 |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3762000 | 3762000 | 2194128 | 1567872 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8398000 | 8398000 | 8289315 | 108685 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 29848 | 55 | 29903 | 28300 | 1603 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 39500 | 1140000 | 1179500 | 1169500 | 10000 |
| | ജില്ലാ പഞ്ചായത്ത് | 15100 | 2363545 | 2378645 | 1357759 | 1020886 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 12712559 | 12712559 | 12712559 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 178 | 119755441 | 44 | 71700130 | 53 | 81 | 59.87 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 378 | 561644 | 562022 | 555164 | 6858 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25171710 | 25171710 | 25171710 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 135960 | 85 |
| കർഷകതൊഴിലാളി പെൻഷൻ | 10731600 | 846 |

| | | |
|---|---|---|
| വിധവാപെൻഷൻ | 16605600 | 1326 |
| വാർദ്ധക്യകാലപെൻഷൻ | 28652300 | 2079 |
| വികലാംഗപെൻഷൻ | 4956000 | 379 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2083600 | 167 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-09-2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 44,371/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1)പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും, ബാലൻസ് ഷീറ്റിലെ ആസ്തി വിവരങ്ങളുമായി പൊരുത്തപ്പെടേണ്ടതുമാണ്.

2) പഞ്ചായത്തിനുകീഴിലുള്ള എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ഇൻകുമ്പൻസി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ എണ്ണം കാണിയ്ക്കുന്ന രജിസ്റ്റർ, തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾക്കായുള്ള സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ യഥാവിധി എഴുതി വരുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.06.2019, 18.06.2019 | ഫെബ്രുവരി – മാർച്ച് 2019 | 08.10.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.02.2016 | 2010-11 .... 2014-15 | 10.05.2016 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ"

സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്തത്തിലെ കളക്ഷൻ തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ തയ്യാറാക്കിയ വാർഷിക കണക്കിലെ കളക്ഷൻ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ പൊരുത്തക്കേടിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3499791 | 3331300 | 178097 | 2628 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3499791 | 3341735 | 178097 | *2628 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

*സാംഖ്യ കളക്ഷൻ എന്നത് വാർഷിക കണക്കിലെ ആകെ വാർക്ഷിക കളക്ഷനിൽ നിന്നും അടുത്ത വർഷങ്ങളിലേക്കുള്ള തുക ലെഡ്ജറിൽ നിന്നും കണക്കാക്കി കുറവു ചെയ്താണ് ചേർത്തിരിക്കുന്നത്.

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1517067 | 1446547 | 41843 | 50208 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1517067 | 1433327 | 41843 | *50210 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*സാംഖ്യ കളക്ഷൻ എന്നത് വാർഷിക കണക്കിലെ ആകെ വാർക്ഷിക കളക്ഷനിൽ നിന്നും അടുത്ത വർഷങ്ങളിലേക്കുള്ള തുക ലെഡ്ജറിൽ നിന്നും കണക്കാക്കി കുറവു ചെയ്താണ് ചേർത്തിരിക്കുന്നത്.

<u>2.2കുടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 98886 | 82605 | 13844 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *38760 | 85042 | 13853 ** |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.........+.........=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.........../105X100)=......., |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 90040 | 25157 | 65487 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 73117 | 24553 | 65578 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (.........+..........=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (............/105X100)=.........., ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3.തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ലാത്ത ചില തുകകൾ prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും ചിലത് കുറച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക്/കുറവിന് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.3.1 റെസിഡൻഷ്യൽ ( പ്രയർ പിരീഡ് ആയി കുറവു ചെയ്തത് )

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800588 | 31/03/2019 | 797306 |

2.3.2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800586 | 31/03/2019 | 29798 |

3.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (857443) |
| 280100104-Prior period income-Property tax on non residential buildings | 12872 |
| 280100105-prior period income service cess on residential building | (76386) |
| 280100106-Prior period income service cess on non residential building | (56) |

4.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

5.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6421281 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating + Investing + Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13136522രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

# 1-12 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് രജിസ്റ്റർ /ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ, തൊഴിൽ നികുതി അടവാക്കുന്നുണ്ടോ എന്നുള്ളത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കുമാത്രം ലൈസൻസ് പുതുക്കി നല്കുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്.

സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിട വിവരം, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും, പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിക്കുകത്തെ ഡി&ഒ ലൈസൻസ് എടുക്കാൻ

ബാദ്ധ്യസ്ഥരായ എല്ലാവരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തി ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതാണ്.

സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങൾ 600 എന്നും ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് തുക അടവാക്കിയ സ്ഥാപനങ്ങൾ 557 എന്നും കാണുന്നു. ട്രേഡേഴ്സ് ലിസ്റ്റിന്റെ അപര്യാപ്തതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

# 1-13 FTEAOS ലൈസൻസ് സംബന്ധിച്ച അപാകതകൾ

31.10.17-ലെ സ.ഉ (സാധാ) നം. 80/2017/ത.സ്വ.ഭ.വ പ്രകാരം ഡി&ഒ ലൈസൻസ് എന്നത് FTEAOS (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ലൈസൻസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതിന് 31.10.17 മുതൽ പ്രാബല്യമുണ്ട്. മേൽ പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് തുക, ലൈസൻസിന്റെ മാതൃക എന്നിവ പുതുക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിൽ ലൈസൻസുകളെല്ലാം പഴയ മാതൃകയിലാണ് നൽകിയിട്ടുള്ളത്.

വിവിധ വ്യാപാരങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത്, ലൈസൻസ് ഫീസ് ഏത് മാനദണ്ഡപ്രകാരമാണ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

പല FTEAOS ലൈസൻസ് അപേക്ഷകളോടൊപ്പം സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
ഉദാ:-

| ക്രമ നം. | പേര് | സ്ഥാപനം |
|---|---|---|
| 61 | സന്ധ്യ ടി.കെ. | നൈപുണ്യ മൈക്രോ എൻർപ്രൈസസ് യൂണിറ്റ്-ഭക്ഷ്യധാന്യങ്ങൾ പാക്ക് ചെയ്ത് വില്ക്കുന്ന സ്ഥാപനം |
| 64 | സുഭാഷ് എം.പി. | സേവന ഫ്ലവർ മിൽ |
| 230 | സുജിത്ത്പി. | ശ്രീനിവാസൻ & കമ്പനി -അരിക്കച്ചവടം |
| 232 | സി.ടി.സെബാസ്റ്റ്യൻ | സുമി സ്റ്റോഴ്സ്- പലചരക്കുകച്ചവടം |
| 233 | ജോഷി കെ.ടി. | ടീ ഷോപ്പ് |

മേൽസ്ഥാപനങ്ങൾ ഭക്ഷ്യവസ്തുക്കളുടെ വില്പനയുമായി ബന്ധപ്പെട്ടതാകയാൽ, വൃത്തിഹീനമായ സാഹചര്യങ്ങളിൽ അല്ല പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. ലൈസൻസ് നല്കുമ്പോൾ ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-14 കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ്

2018-19 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 2,32,822 രൂപ കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. 1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ഗ്രാമപഞ്ചായത്ത് ഇതിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം തനത് വരുമാനമാക്കിയിരുന്നില്ല. തുടർ വർഷങ്ങളിൽ നിയമപ്രകാരമുള്ള ഈ തുക തനത് വരുമാനമാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

# 1-15 രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

i) വാടക സംബന്ധിച്ചുള്ള ബൈലോ ഹാജരാക്കിയില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് ആവശ്യമെന്ന് തോന്നുന്ന ബൈലോകൾ ഉണ്ടാക്കുന്നതിനും ഭേദഗതി വരുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളുടെ വാടക സംബന്ധിച്ചുള്ള ബൈലോ ഹാജരാക്കിയില്ല.

ii) ക്രിമറ്റോറിയം – രജിസ്റ്റർ പരിപാലിക്കേണ്ടതാണ്

1998ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ, ചട്ടം 9 ലെ ഫോറം 3 പ്രകാരമുള്ള അനുബന്ധരജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയത് പരിപാലിക്കേണ്ടതാണ്.

# 1-16 ഇ-ടെൻഡർ ഫീസ് ലഭിച്ചില്ല

പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ടെണ്ടർ ഫോറങ്ങളുടെ വില്പന ഇനത്തിൽ ഇ-ടെൻഡർ ഫീസ് ആയി 46256 രൂപ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് 2018-19 വർഷത്തിൽ ലഭിക്കുവാനുണ്ട്. ആയത് ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-17 കെട്ടിടനിർമ്മാണം-ക്രമവത്കരണം

ഫയൽ നം C4/329/19

മണലൂർ ഗ്രാമപഞ്ചായത്തിൽ 5-ാം വാർഡിലെ ശ്രീ. റപ്പായി ബ്രഹ്മകുളം കരേപറമ്പിൽ വീട്, കാഞ്ഞാണി.പി.ഒ 19.1.2019-ന് നിർമ്മാണപ്രവർത്തനം ക്രമവത്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. സർവ്വെ നം. 1199/1-ലെ നിലവിലുള്ള കെട്ടിടത്തിനോടുകൂടിയുള്ള നിർമ്മാണമാണ് നടത്തിയിട്ടുള്ളത്. പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(ഡബ്ല്യു), കേരള സർക്കാരിന്റെ 7.4.2008 ലെ 23997/ആർ/എ1/08 തസ്വഭവ പ്രകാരം നടത്തിയിട്ടുള്ള നിർമ്മാണം പഞ്ചായത്ത് രാജ് ആക്ടിലും ബന്ധപ്പെട്ട ചട്ടങ്ങൾക്കും വിരുദ്ധമായി നടത്തിയതായി ബോധ്യപ്പെട്ടിരുന്നു.

നിയമാനുസൃതമായുള്ള അനുമതി വാങ്ങാതെ അനധികൃതമായി നിയമം ലംഘിച്ച് നടത്തിയ നിർമ്മാണം ഈ ഉത്തരവ് ലഭിച്ച് ഉടനടി പൊളിച്ചുമാറ്റേണ്ടതാണ് എന്നും ഉത്തരവ് നടപടി അനുസരിക്കാത്ത പക്ഷം നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നും ഇ4/329/2019 തിയ്യതി 30.03.2019 പ്രകാരം അറിയിച്ചിട്ടുള്ളതാണ്. 13.2.2019ലെ സി4/329/2019 പ്രകാരം ഏത് സർവ്വെ നമ്പറിലാണ് നിർമ്മാണം വരുന്നത് എന്ന് സാക്ഷ്യപ്പെടുത്തിയ സ്കെച്ചോ സാക്ഷ്യപത്രമോ ഹാജരാക്കുന്നതിനായി കത്ത് നല്കിയിട്ടുള്ളതുമാണ്. മറുപടി ഇതുവരെ ലഭ്യമായിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 അഗതിരഹിതകേരളം പദ്ധതി- കുടുംബശ്രീ സി.ഡി.എസിന് കൈമാറിയ 7,00,000/- രൂപ നാളിതുവരെയായും അക്കൗണ്ടിൽ വരവുവന്നിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ (കാഞ്ഞാണി സർക്കിൾ)

മേൽപദ്ധതിയിൽ 4,00,000/- രൂപ വികസനഫണ്ടും (ട്രഷറി ബിൽ നമ്പർ : 6/18-19 തി. 31.10.18) 3,00,000/- രൂപ തനത് ഫണ്ടും (വൗച്ചർ നമ്പർ : 21801068 / 21.12.18) കുടുംബശ്രീ സി.ഡി.എസിന്റെ തൃശ്ശൂർ ജില്ലാസഹകരണബാങ്ക് അന്തിക്കാട് ശാഖയിലുള്ള 10717031601 നമ്പർ അക്കൗണ്ടിലേക്ക് കൈമാറുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, മേൽസൂചിപ്പിച്ച അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധിച്ചപ്പോൾ ഈ തുക അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. എന്നാൽ, തുക ബന്ധപ്പെട്ട അക്കൗണ്ടിൽ വരവുവന്നിട്ടില്ലെന്ന വിവരം ഓഡിറ്റിന് മുൻപ് ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുകയോ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. തുക കൈമാറിയ നിർവ്വഹണ ഉദ്യോഗസ്ഥനോ ഫണ്ട് വിനിയോഗത്തിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരോ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6 / 25.09.2019) ലഭിച്ച മറുപടി തൃപ്തികരമല്ല. 7,00,000/- രൂപ നാളിതുവരെയായും കുടുംബശ്രീ അക്കൗണ്ടിൽ വരവുവന്നിട്ടില്ലാത്ത സാഹചര്യത്തിൽ ഈ തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ വിവിധ സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്,നം | ട്രഷറി ബിൽ നം.,തിയതി, തുക | തുക കൈമാറിയിട്ടുള്ളത് |
|---|---|---|
| സുശാന്തം- വയോജനക്ഷേമ കേന്ദ്ര വിഹിതം നൽകൽ<br>S096/10 | 3/2018-19.dtd.28.6.18.<br>50000/- | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്<br>തൃശ്ശൂർ |
| ഐ.കെ എം ന് വിഹിതം നൽകൽ.<br>S001/19 | 1/2018-19.dtd. 31.5.18.<br>92238/- | എക്സി.ഡയറക്ടർ, ഐ.കെ.എം,<br>തിരുവനന്തപുരം. |
| വിജ്ഞാൻ സാഗർ അനുബന്ധപ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ<br>S097/19 | 4/2018-19. dtd.30.5.18.<br>100000/- | വിജ്ഞാൻ സാഗർ സയൻസ് & ടെക്ക്നോളജി പാർക്കിന് നൽകി. |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക 242238/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-20 സ്ട്രീറ്റ് ടാപ്പ് -വെള്ളക്കരം വൻതുക അടവാക്കുന്നു,സ്ട്രീറ്റ് ലൈറ്റ് -എണ്ണം, തരം എന്നിവയുടെ വിശദാംശങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം 349 തെരുവ് ടാപ്പുകൾക്ക് പ്രതിമാസം 152688/- രൂപ വീതം 9 മാസം 13,74,192/-രൂപയും 3 മാസം 154000/- രൂപ വീതം (352 Taps) 462000/- ഉൾപ്പെടെ മൊത്തം 1836192/- രൂപ തൻവർഷം വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. നാളിതുവരെയായിട്ടും വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി എത്രയും വേഗം സംയുക്ത പരിശോധന നടത്തേണ്ടതും ഉപയോഗിക്കുന്ന ജലത്തിന് മാത്രം തുക ചെലവഴിക്കുന്നുവെന്നു ഉറപ്പ് വരുത്തേണ്ടതും തനത് ഫണ്ടിൽ നിന്നും അനാവശ്യമായി തുക ചെലവാകുന്നില്ല എന്നുറപ്പാക്കേണ്ടതുമാണ്.

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ രേഖപ്പെടുത്തിയ പ്രത്യേകം രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ബന്ധപ്പെട്ടവരുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ പ്രത്യേകം ക്ഷണിക്കുന്നു.

# 1-21 വിവിധ സാംസ്ക്കാരിക സ്ഥാപങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ - കൈപ്പറ്റ് രശീത്, രജിസ്ട്രേഷൻ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം. ജി.എൽ പി.എസ്. മണലൂർ

ട്രഷറി ബിൽ നം.5/2018-19.dtd.31.12.18. 30000/-

പ്രോജക്ട് നമ്പർ -s0052/19.

വിവിധ സാംസ്കാരിക സ്ഥാപനങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ എന്ന പ്രോജക്ടിൽ പഞ്ചായത്ത് പരിധിയിലുള്ള 5 ക്ലബുകൾക്ക് പ്ലാസ്റ്റിക്ക് കസേരകൾ വാങ്ങി നൽകിയിട്ടുണ്ട്. (50Nos @600 =30000/-) എന്നാൽ 4 ക്ലബുകൾ മാത്രമാണ് കൈപ്പറ്റ് രശീതിയും രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഹാജരാക്കിയിട്ടുള്ളത്. നൃപല്ലവി എന്ന ക്ലബിൽ നിന്നും കൈപ്പറ്റ് രശീതിയും, രജിസ്ട്രേഷൻ വിവരങ്ങളും ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 10 കസേരയുടെ വിലയായ 6000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-22 വിദ്യാഭ്യാസാനുകൂല്യവിതരണപദ്ധതികൾ വനിതാഘടകപദ്ധതിയിലുൾപ്പെടുത്തുന്നത് അഭിലഷണീയമല്ല

പദ്ധതി : എസ്.സി.വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വിതരണം, S0223/19

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

സ.ഉ.(കൈ) നം.11/18/തസ്വഭവ തി. 29.01.18 ഖ.6.3 പ്രകാരം വനിതാഘടകപദ്ധതി രൂപീകരിക്കുന്നതിനുള്ള പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. നൂതനസംരംഭങ്ങൾ, സ്വയംതൊഴിൽ സംരംംഭങ്ങൾ, ലേബർ ബാങ്ക്, വിപണനകേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുക, ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തുക, കൗൺസലിംഗ് പ്രവർത്തനങ്ങൾ നടത്തുക, നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക, പ്രതിരോധ പരിശീലനപരിപാടികൾ നടത്തുക, സ്ത്രീകൾക്കായി പശ്ചാത്തലസൗകര്യവികസനം ഒരുക്കുക എന്നീ പ്രവർത്തനങ്ങൾ വനിതാഘടകപദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ, വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് നൽകൽ, പഠനമുറികളുടെ നിർമ്മാണം, മേശ, കസേര നൽകൽ മുതലായ വിദ്യാഭ്യാസാനുകൂല്യ വിതരണപദ്ധതികൾ വനിതാഘടകപദ്ധതിയിലുൾപ്പെടുത്തുന്നത് അഭിലഷണീയമായ പ്രവണതയല്ല. മാർഗ്ഗരേഖാപ്രകാരമുള്ള നിർദ്ദേശങ്ങളുമായി ഇത്തരത്തിലുള്ള പദ്ധതികൾ പൊരുത്തപ്പെടുന്നതായി കാണുന്നില്ല. തുടർവർഷങ്ങളിലെ വനിതാഘടകപദ്ധതിയുടെ രൂപീകരണത്തിൽ ഉചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 മഹാത്മ ഗാന്ധി തൊഴിലുറപ്പ് പദ്ധതി - അവലോകനം

ഗ്രാമീണ ജനതയുടെ ജീവിത സുരക്ഷ ഉറപ്പാക്കി ദാരിദ്ര്യ നിർമ്മാർജനം കൈവരിക്കുന്നതിനും പ്രകൃതി വിഭവസംരക്ഷണത്തിലൂടെ പാരിസ്ഥിതിക പുനസ്ഥാപനത്തിനും കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിലൂടെ ഭക്ഷ്യ സുരക്ഷ നേടുന്നതിനുമായി 2005 സെപ്റ്റംബർ 5ാം തിയതി പാസ്സാക്കിയ ഒരു പദ്ധതിയാണ് മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. മണലൂർ ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷത്തിൽ ആകെ അംഗീകാരം ലഭിച്ച പ്രവൃത്തികൾ 601, ആകെ ചെയ്ത പ്രവൃത്തികൾ 262 എണ്ണവും. സ്പിൽ ഓവർ പ്രവൃത്തികൾ 77 എണ്ണം തൻവർഷം ചെയ്തിട്ടുണ്ട്. 2018-19 വർഷത്തിൽ ചെയ്ത പ്രവർത്തികളുടെ തരം തിരിവ് ഇപ്രകാരമാണ്. ഭവന നിർമ്മാണം -80, റോഡ് -5, കാന നിർമ്മാണം -6, പൊതുകുളം, ഫാം പോണ്ട് - 11, ടോയ്ലറ്റ്- 20, ഭൂവികസനം -86 പാട്ട കൃഷി -5, കട്ടനിർമ്മാണം - 1, നഴ്സറി നിർമ്മാണം -8, വൃഷതൈ നടീൽ സംരക്ഷണം -14, കിണർ നിർമ്മാണം - 5, കോഴിക്കൂട് -1, തൊഴുത്ത് -3, കിണർ റീച്ചാർജിംഗ് - 14 എന്നിവയാണ്. ഗ്രാമ പഞ്ചായത്തിലെ ആകെ തൊഴിൽ കാർഡുകളുടെ എണ്ണം 3952 ആണ്. തൻവർഷം 274 തൊഴിൽ കാർഡുകൾ നൽകിയിട്ടുണ്ട്. 2018-19 വർഷത്തിലെ ആകെ തൊഴിൽ ദിനങ്ങൾ 85080 ഉം ആകെ അംഗങ്ങൾ 4658 ഉം ആണ്. തൻവർഷം 100 ദിനം പൂർത്തികരിച്ച തൊഴിലാളികളുടെ എണ്ണം 452 ആണ്. അംഗീകാരം ലഭിച്ച പദ്ധതികൾ ഉപേക്ഷിക്കാതെ പൂർണ്ണമായും നടപ്പിലാക്കുവാൻ ബന്ധപ്പെട്ടവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-24 പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് - തുക അനുവദിച്ച ഉത്തരവിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

തൃശ്ശൂർ, ശുചിത്വമിഷൻ ജില്ലാ കോ-ഓഡിനേറ്ററുടെ 22.01.19 ലെ 1068 /ഡി.എസ്.എം./ 2018 നമ്പർ ഉത്തരവുപ്രകാരം പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിനത്തിൽ 475070/- രൂപയാണ് ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുള്ളത്. തുക അനുവദിച്ച ഉത്തരവുപ്രകാരം താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്.

1) ഗ്രാന്റ് തുക നിക്ഷേപിക്കുന്നതിനായി പ്രത്യേക അക്കൗണ്ട് ആരംഭിക്കണം.

2) പ്രത്യേകമായി കാഷ്ബുക്ക് സൂക്ഷിക്കണം

3) ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കണം.

4) ധനവിനിയോഗസാക്ഷ്യപത്രം ശുചിത്വമിഷന് നൽകണം

മേൽ നിബന്ധനകൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (8/ 25.09.19) മറുപടി ലഭിച്ചിട്ടില്ല. ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട നിബന്ധനകൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-25 മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി

പദ്ധതി നം. 99/2019

അടങ്കൽ 777000

ചെലവ് 777000

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മണലൂർ

2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം 200000 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 191.2019-ന് നല്കിയിട്ടുണ്ട്. എന്നാൽ 94607 രൂപയുള്ള മരുന്നുകൾ കൂടി ലഭ്യമാക്കാനുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ

പദ്ധതി നം. 69/2019

അടങ്കൽ 300000

ചെലവ് 300000

2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി 300000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയ്ക്ക് ബിൽ നം. 2/29.112019 പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ 87500 രൂപയുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി തുകക്കുള്ള മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ

പദ്ധതി നം. 09/2019

അടങ്കൽ 800000

ചെലവ് 800000

2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി 800000 രൂപ 19.11.2018 ൽ ഔഷധി ഫാർമസിയ്ക്ക് ബിൽ നം. 2/19.11.2018 പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ 9000 രൂപയുള്ള മരുന്നുകൾ കൂടി ലഭ്യമാവാനുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-26 വഞ്ചിക്കടവ് കുടിവെള്ളപദ്ധതി നാളിതുവരെ പൂർത്തീകരിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

നിർവ്വഹണം-കേരള ജലഅതോറിറ്റി

പ്രൊജക്ട് നം. – 100/19

2014-15 വർഷം പ്രോജക്ട് നം.202/15 ആയി 2000000 രൂപ എസ്റ്റിമേറ്റിൽ ജലഅതോറിറ്റി നിർവ്വഹണം ഏറ്റെടുത്ത പ്രവൃത്തി നാളിതുവരെയായി പൂർത്തീകരിക്കുകയോ ലക്ഷ്യം കൈവരിക്കുകയോ ചെയ്തിട്ടില്ല. 2018-19 വർഷം ജലഅതോറിറ്റിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ തുക 6870000 രൂപയാണ്. 2019-20 വർഷം പദ്ധതി നിലവിലുണ്ട്. നാളിതുവരെ വിനിയോഗിച്ച തുകയുടെ വിവരങ്ങൾ താഴെച്ചേർക്കുന്നു.

| ബിൽ നമ്പർ/തിയതി | തുക |
|---|---|
| NIL/2014-15 തി.25.03.15 | 1149389 |
| ചെക്ക് നം.361186/27.03.15 | 850611 |
| 49/17-18 തി.27.03.18 | 1500000 |
| 39/18-19 31.12.18 | 2000000 |
| ആകെ | 5500000 |

2014-15 വർഷം വിനിയോഗിച്ച 2000000 രൂപയിൽ 195533 രൂപ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് MPLAD പദ്ധതിയിൽ ഉൾപ്പെടുത്തിയ കിണർ നിർമ്മാണ പ്രവൃത്തിയിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 20-07-2016ലെ തീരുമാനം പ്രകാരം അഡ്ജസ്റ്റ് ചെയ്തു. നാളിതുവരെ മേൽപ്രവൃത്തിക്ക് 5304467 രൂപ ജല അതോറിറ്റിക്ക് കൈമാറിയെങ്കിലും യാതൊരുവിധത്തിലുള്ള പ്രവൃത്തികളും ചെയ്തിട്ടില്ല. കൂടാതെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 7110000 രൂപ റോഡ് റെസ്റ്റോറേഷൻ ചാർജിനത്തിൽ ജലഅതോറിറ്റി, പൊതുമരാമത്ത് വകുപ്പിന് അടവാക്കേണ്ടതുണ്ട്. ഈ തുക ലഭിച്ചാൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കാനാകൂ എന്ന് ജലഅതോറിറ്റി പഞ്ചായത്തിനെ രേഖാ മൂലം അറിയിച്ചിട്ടുണ്ട്. ജലഅതോറിറ്റിയുടെ പ്രിലിമിനറി എസ്റ്റിമേറ്റ് പ്രകാരം 1125 ച.മീ. BTS റോഡുകൾ പൊളിക്കേണ്ടതുണ്ട്. എന്നാൽ 1500 ച.മീ. റോഡിന് ച.മീറ്ററിന് 1521 രൂപ നിരക്കിൽ 2281500 രൂപയാണ് റോഡ് റെസ്റ്റോറേഷൻ ചാർജിനത്തിൽ എസ്റ്റിമേറ്റിൽ സൂചിപ്പിച്ചിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരവും 1125ച.മീ. BTS റോഡുകൾ പൊളിക്കേണ്ടതുണ്ട്. എന്നാൽ 1500 ച.മീ.റോഡിന് ച.മീറ്ററിന് 4680.65 രൂപ നിരക്കിൽ 7020975 രൂപയാണ് എസ്റ്റിമേറ്റിൽ സൂചിപ്പിച്ചിട്ടുള്ളത്. എസ്സിമേറ്റിലെ വ്യത്യാസം ജലഅതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പൊളിക്കേണ്ട റോഡുകൾ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമായി സംയുക്തപരിശോധന നടത്തേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് മരാമത്ത് ബില്ലുകളും പൂർത്തികരണ സാക്ഷ്യപത്രവും ലഭ്യമാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.

പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങൾ, ഗുണഭോക്താക്കൾ, സ്റ്റോറേജ് ടാങ്കിന്റെ കപ്പാസിറ്റി, പ്യൂരിഫിക്കേഷൻ പ്ലാന്റിന്റെ കപ്പാസിറ്റി, ദിനംപ്രതി വിതരണം ചെയ്യാവുന്ന ജലത്തിന്റെ അളവ് തുടങ്ങിയ വിവരങ്ങൾ അടങ്ങുന്ന വിശദമായ ഒരു എസ്റ്റിമേറ്റ് റിപ്പോർട്ട് നാളിതുവരെ ജലഅതോറിറ്റിയിൽനിന്നും ലഭിച്ചിട്ടില്ല. പദ്ധതിയുടെ ലക്ഷ്യ ം കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-27 ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരെ നിശ്ചിത കഴിഞ്ഞും ജോലിയിൽ തുടരാൻ അനുവദിക്കുന്നു

പഞ്ചായത്തിന്റെ തനത് ഫണ്ട് വൗച്ചർ പരിശോധനയുമായി ബന്ധപ്പെട്ട് വിവിധ ജീവനക്കാരെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നതായി കണ്ടു. ജി.ഒ.(പി) നം.28/2016 ഫിൻ തിയതി.26.2.16 പാര നം.4 (1) ൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന ജീവനക്കാർക്ക് പരമാവധി 179 ദിവസമാണ് ജോലി ചെയ്യുവാൻ അർഹതയുള്ളത്. മേൽ ഉത്തരവ് പ്രകാരം 179 ദിവസത്തിന് ശേഷം ടി ജീവനക്കാരെ ജോലിയിൽ നിന്നും പിരിച്ച് വിടേണ്ടതാണ്. ടി ജീവനക്കാരുടെ സേവനം ഒഴിച്ച് കൂടാനാവാത്തതാണെങ്കിൽ പിരിച്ച് വിട്ടതിനുശേഷം തൊട്ടടുത്ത ദിവസം നടപടി ക്രമം പാലിച്ച്കൊണ്ട് പുനർനിയമനം നൽകാവുന്നതാണ്. ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പേര് | തസ്തിക | നിയമന രീതി | നിയമന തിയതി |
|---|---|---|---|
| രഘു എം.പി | ഡ്രൈവർ (ജീപ്പ്) | പഞ്ചായത്ത് കമ്മിറ്റി | 2.6.2011 |
| ബാലൻ പി.സി. | ഡ്രൈവർ (ടിപ്പർ) | - ടി- | 6.1.2011 |
| ബിന്ധ്യ.എ.ആർ | അറ്റൻഡർ (NRHM) ഹോമിയോ | - ടി- | 6.6.2014. |
| ശശീധരൻ | ക്രിമറ്റോറിയം കെയർടേക്കർ | - ടി - | 25.7.2017. |

എന്നാൽ നിയമനം സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന ജീവനക്കാരുടെ നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവ് പാലിക്കുവാൻ ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- •

  ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- - ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 80000 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി പ്രൊ.നം.99/18-19 | 80000 | 0 |
| | 2018-19 | 200000 | പെയിൻ & പാലിയേറ്റീവ് പദ്ധതി പ്രോ.നം.99/18-19 | 200000 | 0 |
| | 2018-19 | 410000 | ലൈഫ് പ്രോ.നം.199/18-19 | 410000 | 0 |
| | 2018-19 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രൊ.നം.13/18-1 | 240000 | 10000 |
| | 2018-19 | 200000 | നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി പ്രൊ.നം.93/18-19 | 200000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ജില്ല പഞ്ചായത് | | | | | |
| | 2018-19 | 60000 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി പ്രൊ.നം.19/18-19 | 60000 | 0 |
| | 2018-19 | 146475 | ശാരീരിക മാനസിക വെല്ലവിളി നേരിടുന്നവർക്ക് പ്രൊ.നം.13/18-19 | 146475 | 0 |
| | 2018-19 | 857070 | ലൈഫ് പ്രോ.നം.199/18-19 | 840000 | 17070 |
| | 2018-19 | 200000 | നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി പ്രൊ.നം.93/18-19 | 200000 | 0 |
| | 2018-19 | 100000 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ പ്രൊ.നം.93/18-19 | 96184 | 3816 |
| | 2018-19 | 1000000 | വിനയ അംഗനവാടി പുനർനിർമ്മാണം പ്രൊ.നം.93/18-19 | 0 | 1000000 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വഞ്ചിക്കടവ് കുടിവെള്ള പദ്ധതി | 21801119 Dt. 29.12.2018 | 20,00,000 | 0 | 20,00,000 |
| കേരള വാട്ടർ | പുലരി അംഗൻവാടി | 21800902 | 27,000 | 0 | 27,000 |

| അതോറിറ്റി | കുടിവെള്ള കണക്ഷൻ | Dt. 22.11.2018 | | | |
|---|---|---|---|---|---|
| | | | | | |

31.03.2019 ലെ B-18 ഷെഡ്യൂൾപ്രകാരം കേരള വാട്ടർ അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ ആയി 59,23,000/- രൂപ നല്കിയിട്ടുണ്ട്. 59.23 ലക്ഷം രൂപ അഡ്ജസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. KWA യുമായി ബന്ധപ്പെട്ട് മേൽ തുകയുടെ പ്രവൃത്തികളുടെ നിജസ്ഥിതി പരിശോധിച്ച് ചെലവു തുക എത്രയും വേഗം അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കുടിൽരഹിത ഗ്രാമം | 2133/ ഡിബി1/ ത.സ്വ.ഭ.വ./ തീയതി 16.02.2015 | 9720000 | 6220000 | 10,00,000 | 599416 | 52,20,000 |
| ഇ.എം.എസ്. | 800/2010/ ത.സ്വ.ഭ.വ. തീയതി 09.03.2010 | 4707250 | 920157 | 920157 | | 0 |
| ലൈഫ് – ഭവനം | | 7341647 | 7341647 | 0 | 0 | 7341647 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 17516144 |
| തൻവർഷം നിക്ഷേപിച്ച തുക | 1050299 (പലിശ) |
| ആകെ | 1,85,66,443 |
| | |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,85,66,443 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കേരള ഗ്രാമീൺ ബാങ്ക് A/c no. 40320201300085 | 1191874 |
| കേരള ഗ്രാമീൺ ബാങ്ക് A/c no. 40320201300086 | 1191874 |
| കേരള ഗ്രാമീൺ ബാങ്ക് A/c no. 40320200110352 | 5274014 |
| കേരള ഗ്രാമീൺ ബാങ്ക് A/c no. 40320200110353 | 1310850 |
| കേരള ഗ്രാമീൺ ബാങ്ക് A/c no. 40320200110543 | 1276084 |
| കേരള ഗ്രാമീൺ ബാങ്ക് A/c no. 40320200110188 | 774843 |
| കേരള ഗ്രാമീൺ ബാങ്ക് A/c no. 40320201200168 | 1148936 |
| കേരള ഗ്രാമീൺ ബാങ്ക് A/c no. 40320201200090 | 1243129 |
| കേരള ഗ്രാമീൺ ബാങ്ക് A/c no. 40320201500241 | 1933775 |
| കാരമുക്ക് സർവ്വീസ് കോ.ബാങ്ക് A/c no. 408240 | 25,00,000 |
| കാരമുക്ക് സർവ്വീസ് കോ.ബാങ്ക് A/c no. 421732 | 7,00,000 |
| തൃശ്ശൂർ കോ. സ്പിന്നിങ്ങ് മിൽ നം.68 | 20,000 |
| കാനറ ബാങ്ക് A/c no. 49135002 | 1064 |
| ആകെ | 1,85,66,443 |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 99-2000 | | 2004-05 | 4 | 99-2000 മുതൽ 2001-2002 വരെയുള്ള 42 മരാമത്ത് | |

| | | | | | | |
|---|---|---|---|---|---|---|
| | മുതൽ 2001-02 | | | | ബില്ലുകളുടെ ഓഡിറ്റിൽ ആകെ 195764/- രൂപ മണ്ണ് വില അധികം നല്കിയതായി കണ്ടത്തിയത് | |
| 2 | 2001-02 | 2(2) | 2006-07 | 3.59.1 | നികുതി എഴുതി തള്ളി<br><br>ഓഡിറ്റ് റിപ്പോർട്ട് 2001-02 ഖണ്ഡിക 2(2)<br>ഓഡിറ്റ് വർഷം വിവിധ നികുതിയിനങ്ങളിലായി മൊത്തം<br>22808/- രൂപ എഴുതി തള്ളിയിട്ടുണ്ട്. ആയത് സംബന്ധിച്ച<br>രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കേരള പഞ്ചായത്ത്<br>രാജ് നിയമം (വസൂലാക്കാൻ കഴിയാത്ത തുകകൾ എഴുതി തള്ളൽ)<br>3(1)(2)(3)(4) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് എഴുതി തള്ളാവുന്ന തുക 1000/- രൂപ മാത്രമാണ്. എന്നിരിക്കെ അതിന് വിരുദ്ധമായി എഴുതി തള്ളിയ 22808/- രൂപ ഓഡിറ്റിൽ അംഗീകരിച്ചിട്ടില്ല. | |
| 3 | 2006-07 | 3-4 | 2010-11 | 5.6.5 | സമാഹരണ മുൻകൂർ നല്കി പണി പൂർത്തിയാക്കിയിട്ടില്ല. താഴെ പറയുന്ന പ്രവർത്തികൾക്ക് സമാഹരണ മുൻകൂർ നല്കി വർഷങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനോ അല്ലാത്ത പക്ഷം 12% പലിശ സഹിതം തുക ഈടാക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>1. വനിതാവ്യവസായകേന്ദ്രം റോഡ് നിർമ്മാണം ഓഡിറ്റ് റിപ്പോർട്ട് വർഷം -2006-07, | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ഖണ്ഡിക നം 3-4 ,നല്കിയ തുക 38400/-<br>2. വനിതാവ്യവസായകേന്ദ്രം കെട്ടിട നിർമ്മാണം ഓഡിറ്റ് റിപ്പോർട്ട് വർഷം -2006-07, ഖണ്ഡിക നം 3-4 ,നല്കിയ തുക 45803/- | |
| 4 | 2014-15 | 2-2 | 2016-17 | | വസ്തുനികുതി കുടിശ്ശിക ഈടാക്കാത്തത്<br>പഞ്ചായത്തിൽ തൻവർഷം ആരംഭത്തിൽ ഈടാക്കാനുള്ള വസ്തു നികുതി 4276062/- രൂപയാണ് . 2011-12 മുതലുള്ള വസ്തുനികുതി കുടിശ്ശികയാണ്. സാമ്പത്തിക വർഷത്തിൽ 2320128/- രൂപയാണ് കുടിശ്ശിക ഇനത്തിൽ ഈടാക്കിയിട്ടുള്ളത്. തൻ വർഷത്തെ ഡിമാന്റ് 5057434/- രൂപയാണ്. ഇതിൽ പിരിച്ചെടുത്തത് 4125785/- രൂപയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 243-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം നികുതികൾ പിരിച്ചെടുക്കാതെ കാലഹരണപ്പെട്ടാൽ സെക്രട്ടറി ബാധ്യസ്ഥനാകുന്നതാണ്. ഈ വിഷയത്തിൽ വിശദീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 23/15.07.16) | |
| 5 | 2014-15 | 2-2 | 2016-17 | | <u>തൊഴിൽനികുതി</u><br>കരാറുകാരുടെയും റേഷൻ ഡീലർമാരുടെയും തൊഴിൽ നികുതി ഈടാക്കിയില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ട പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിയെടുക്കുന്ന മുഴുവൻ കരാറുകാരിൽ നിന്നും റേഷൻ ഡീലർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2015-16 വർഷം വിവിധ കരാർ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പ്രവർത്തികൾ നടത്തിയ 24 കരാറുകാരിൽ നിന്നും 12 റേഷൻ ഡീലർമാരിൽ നിന്നും തൊഴിൽ നികതി ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. | |
| 6 | 2014-15 | 2-4 | 2016-17 | | മൊബൈൽ ടവ്വറുകൾ – വസ്തു നികുതി ഈടാക്കിയിട്ടില്ല. താഴെ പറയുന്ന മൊബൈൽ സേവന ദാതാക്കളുടെ വസ്തുനികുതി കുടിശ്ശികയായിട്ടുണ്ട്. ആയത് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 25/16/7/16)* | |

*പഞ്ചായത്ത് ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മേൽവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

*

| ബിൽഡിങ്ങ് നം. (പുതിയത്:) | ഉടമസ്ഥന്റെ പേര് | മൊബൈൻ കമ്പനിയുടെ പേര് | ബിൽഡിംഗ് ടാകസ് (പുതിയത്) | ടവ്വറിന്റെ വിസ്തീർണ്ണം | കുടിശ്ശികയുടെ വിവരം |
|---|---|---|---|---|---|
| 16/692 | റപ്പായി റാഫേൽ, തെക്കനത്ത്, പണ്ടാരവളപ്പിൽ | വോഡഫോൺ | 12560/- | 20 ച.മീ | 2014-15 മുതൽ |
| 16/756 | ജോമോൻ തോട്ടുങ്ങൽ ഹൗസ് | ടാറ്റ ടെലി സർവ്വീസസ് | വിവരം ലഭ്യമല്ല | 20 ച.മീ | വിവരം ലഭ്യമല്ല |
| 17/83 | ഡേവീസ് തെക്കാനത്ത്, പണ്ടാരവളപ്പിൽ | റിലയൻസ് ഇൻഫ്രാടെൽ | 11500/- | 20 ച.മീ | |
| 7/496 എ | റോസ്ലി ഡേവീസ് നീലംങ്കാവിൽ ഹൗസ്, | വോഡഫോൺ | 11788/- | 20 ച.മീ | വിവരം ലഭ്യമല്ല |
| 7/577 എ | സെന്റ് തോമസ് പള്ളി വികാരി | ഭാരതി എയർടെൽ | 3500/- | 20.5 ച.മീ | വിവരം ലഭ്യമല്ല |
| 7/577 ബി | സെന്റ് തോമസ് പള്ളി വികാരി | ബി.എസ്. എൻ.എൽ | 11788/- | 20.5 ച.മീ | വിവരം ലഭ്യമല്ല |
| 13/356 | ബി.എസ്.എൻ.എൽ. | ബി.എസ്. | 3669/- | 5.8 ച.മീ | വിവരം |

| | | എൻ.എൽ. | | | ലഭ്യമല്ല |
|---|---|---|---|---|---|

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 92732526 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 86311245 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9,48,238 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 7,00,000 | സ്മിത എം.എ. ,വി.ഇ.ഒ.<br>കാരമുക്ക് സർക്കിൾ |
| 1-19 | 242238 | ശ്രീ.എ.എസ്. തമ്പി, സെക്രട്ടറി |
| 1-21 | 6000 | ശ്രീമതി.ഷാർലി.ടി.സി., എച്ച്.എം.<br>ജി.എൽ. പി.എസ്. മണലൂർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 82-83 | എൽ.എഫ്.ടി.(എസ്.2) 1637/11 തി.15.07.11 |
| 85-86 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 86-87, 87-88 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |

| | |
|---|---|
| 88-89,<br>89-90 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 90-91 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 91-92 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 92-93,<br>93-94 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 94-95,<br>95-96 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 96-97 | എൽ.എഫ്.ടി-13-758/98<br>തി.24.10.98/31.12.98. |
| 97-98<br>ചെലവ് | എൽ.എഫ്.ടി-15-188/01<br>തി.17.04.01/06.06.01. |
| 97-98<br>വരവ് | എൽ.എഫ്.ടി-15-1549/98<br>തി.31.05.99/06.10.99 |
| 98-99<br>വരവ്<br>ചെലവ് | എൽ.എഫ്.ടി-15-624/04<br>തി.27.11.04/11.01.05. |
| 99-00<br>വരവ്<br>ചെലവ് | എൽ.എഫ്.ടി.15-625/04 തി.27.11.04/11.01.05. |
| 00-01<br>വരവ്<br>ചെലവ് | എൽ.എഫ്.ടി.15-1546/05<br>തി.17.01.06/17.07.06. |
| 99-00<br>01-02<br>വരെ<br>പ്ലാൻ | എൽ.എഫ്.ടി.15-1249/03 തി.20.02.04. |
| 01-02<br>വരവ്<br>ചെലവ് | എൽ.എഫ്.ടി-1547/05 തി.18.01.06/14.08.06 |
| 02-03<br>വരവ്<br>ചെലവ് | എൽ.എഫ്.ടി-15-1919/06<br>തി.15.03.07/16.10.07 |
| 03-04<br>വരവ്<br>ചെലവ് | എൽ.എഫ്.ടി.15-1389/08 തി.03.08.09. |
| 04-05<br>വരവ്<br>ചെലവ് | എൽ.എഫ്.ടി.15-1390/08 തി.03.08.09 |
| 05-06<br>വരവ്<br>ചെലവ് | എൽ.എഫ്.ടി.15-1603/09 തി.18.08.10 |
| 06- | എൽ.എഫ്.ടി.15-1604/09 തി.19.08.10/31.01.11 |

| | |
|---|---|
| 07വരവ് ചെലവ് | |
| 07-08 വരവ് ചെലവ് | എൽ.എഫ്.ടി.(പി.2)- 1607/11 തി. 08.03.12 |
| 08-09 വരവ് ചെലവ് | എൽ.എഫ്.ടി.(പി.2)-1608/11 തി.09.03.12/12.06.12 |
| 09-10, 10-11 | എൽ.എഫ്.ടി.(പി.2) 1600/12 തി.24.11.12/02.03.13. |
| 11-12 | എൽ.എഫ്.ടി.(പി.3) 1676/13 തി.03.04.14/ 07.08.14 |
| 12-13 | എൽ.എഫ്.ടി.(പി.2)-1701/14 തി.01.11.14/10.06.15. |
| 13-14 | കെ.എസ്.എ.-ടിഎസ്.ആർ.(പി.2)1689/15 തീ.22/12/15 |
| 2014-15 | കെ.എസ്.എ.-ടി.എസ്.ആർ.(പി.2)1196/16 തീ.22/07/2016 |
| 2015-16 | കെ.എസ്.എ.-ടി.എസ്.ആർ.(പി.2)40/17 തീ.30-01-2017 |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)1717/2017 തീയതി:30/11/2017 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി.2)254/19/ തീയതി:17.06.19 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ